## ‘‘സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള എം.എസ്.എം.ഇ (MSME) സ്ഥാപനങ്ങൾ ഊർജ്ജ കാര്യക്ഷമതയിലേക്ക്’’

സംസ്ഥാന ഊർജ്ജ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ വന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല സ്ഥാപനമാണ്. 2001 ലെ ഊർജ്ജസംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതു മുതൽ ഈ നിയമം നടപ്പിലാക്കുവാൻ വേണ്ടിയുള്ള കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) യുടെ നിയുക്ത സ്ഥാപനമാണ് എനർജി മാനേജ്മെന്റ് സെന്റർ. സമസ്ഥ മേഖലകളിലെയും ഊർജ്ജകാര്യക്ഷമതയും ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇ.എം.സി നടപ്പിലാക്കിവരുന്നു.

മൈക്രോ, ചെറുകിട, ഇടത്തരം സംരംഭക (എം.എസ്.എം.ഇ) മേഖലയെ ലോകമെമ്പാടുമുള്ള രാജ്യങ്ങൾ സാമ്പത്തിക വളർച്ചയുടെ പ്രധാന ഉപായമായി അംഗീകരിച്ചിട്ടുള്ളതാണ്. നമ്മുടെ രാജ്യത്തിലും അവയുടെ അഭിവൃദ്ധിയും വികസനവും വളരെ പ്രാധാന്യത്തോടെ വീക്ഷിക്കപ്പെടുന്ന ഒന്നാണ്. മിക്ക എം.എസ്.എം.ഇ യൂണിറ്റുകളും വളരെ താഴ്ന്ന ഊർജ്ജ കാര്യക്ഷമത നിലവാരമാണ് പുലർത്തുന്നത്. എം.എസ്.എം.ഇ-കളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ അവയുടെ ഉത്പാദനം വർദ്ധിപ്പിക്കാനും, അവയുടെ പ്രവർത്തന ചെലവ്, ഇന്ധനച്ചെലവ് എന്നിവ കുറയ്ക്കാനും കഴിയും. സംരംഭങ്ങളിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നലേക്ക് ആദ്യം വേണ്ടത്, നിലവിലുള്ള ഊർജ്ജ ഉപഭോഗം ഒരു ഊർജ്ജ ഓഡിറ്റ് നടത്തി മനസ്സിലാക്കുകയാണ്. ആ പഠനത്തിന്റെ തുടർച്ച എന്ന നിലയിൽ ഊർജ്ജ സംരക്ഷണ ശുപാർശകൾ നടപ്പിൽ വരുത്തുകയും ചെയ്യാം.

ബഹുഭൂരിപക്ഷം ചെറുകിട സംരംഭങ്ങളിലും കൂടുതൽ ധനനിക്ഷേപം ഒന്നും നടത്താതെ തന്നെ ജോലികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള പെരുമാറ്റം/ക്രമീകരണം എന്നിവയിൽ ചെറിയ വ്യതിയാനങ്ങൾ വരുത്തി ഊർജ്ജം ലാഭിക്കാനുള്ള അവസരങ്ങൾ ഉണ്ടാകാറുണ്ട്. അത്തരത്തിൽ ശ്രദ്ധയിൽപ്പെടാതെ പോകുന്ന ഊർജ്ജ നഷ്ടത്തിനോടൊപ്പം ഉത്പാദനക്കുറവ്/പ്രവർത്തന നഷ്ടവും കൂടി ഉണ്ടാക്കുന്നുണ്ട്.

പലപ്പോഴും ചെറുകിട സംരംഭകന്റെയോ തൊഴിലാളിയുടെയോ അറിവില്ലായ്മയോടൊപ്പം സാങ്കേതിക പിന്തുണയുടെ കുറവ് കാരണമാകുന്നു. അതിനായി എം.എസ്.എം.ഇ കളിലെ ജീവനക്കാർക്ക് നൈപുണ്യം/പ്രാപ്തി വർദ്ധിപ്പിക്കൽ പദ്ധതികൾ

നടപ്പിലാക്കേണ്ടത് ആവശ്യമാണ്. ഇതിനു ഇ.എം.സി പ്രത്യേക പരിഗണന കൊടുത്ത് വിവിധ പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

കേരളത്തിലുടനീളം 700 ലധികം ചെറുകിട സംരംഭങ്ങൾ വനിതാ സംരംഭകരുടെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കുന്നുണ്ടെന്നാണ് കണക്ക്. ഈ കമ്പനികളിൽ ഭൂരിഭാഗവും എം.എസ്.എം.ഇ മേഖലയുടെ കീഴിലാണ്.

ഇത്തരത്തിൽ വനിതാ സംരംഭകരുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന MSME സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി EMC നടത്തുന്ന പദ്ധതിയാണ് "സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള എം.എസ്.എം.ഇ സ്ഥാപനങ്ങൾ ഊർജ്ജ കാര്യക്ഷമതയിലേക്ക്" പദ്ധതിയുടെ ഭാഗമായി താല്പര്യം പ്രകടിപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ്, ഊർജ്ജ സംരക്ഷണം എന്ന വിഷയത്തിൽ ശില്പശാലകൾ എന്നിവ നടത്തുന്നതിന് EMC സാമ്പത്തിക, സാങ്കേതിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു.

മേല്പറഞ്ഞ പദ്ധതി EMC യുമായി ചേർന്ന് നടപ്പിലാക്കുവാൻ യോഗ്യതയുള്ള വനിതാ സംരംഭകർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ പദ്ധതി ഒരു നിശ്ചിത കാലയളവിലേക്കായതിനാൽ ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

ലിങ്ക്: https://forms.gle/7o7RjgoUjdVMDF2y6